STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.466/PR/SPMC/PHQ/2026 Date:06.10.2026

# പത്രക്കുറിപ്പ്

## കൊക്കൂണിന് മുന്നോടിയായുള്ള 'പാൻ ഇന്ത്യ ഹാക്കത്തോൺ' 'HAC'KP', 'പ്രോജക്ട് ലൈറ്റ്ഹൗസ് ഇന്ത്യ2026' എന്നീ പരിപാടികൾക്ക് കൊച്ചിയിൽ തുടക്കമായി

കേരള പോലീസ് സൈബർ ഡിവിഷന്റെ നേതൃത്വത്തിൽ കൊക്കൂൺ 2026ന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പാൻഇന്ത്യ മൾട്ടിസിറ്റി ഹാക്കത്തോൺ 'HAC'KP', കുട്ടികൾക്കെതിരായ ലൈംഗിക ചൂഷണവും ദുരുപയോഗവും തടയുന്നതിനുള്ള സീനിയർ പോലീസ് ലീഡർഷിപ്പ് പ്രോഗ്രാമായ 'പ്രോജക്ട് ലൈറ്റ്ഹൗസ് ഇന്ത്യ 2026' എന്നീ രണ്ട് പരിപാടികൾക്ക് കൊച്ചി ക്രൗൺ പ്ലാസയിൽ തുടക്കമായി. ഒക്ടോബർ എട്ട് വരെ മൂന്ന് ദിവസങ്ങളിലായാണ് ഈ പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്.

സൈബർ സുരക്ഷാ മേഖലയിലെ പുതിയ വെല്ലുവിളികൾക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ നൂതന പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി സാങ്കേതിക-സൈബർ സുരക്ഷാ വിദഗ്ധരെ ഒരു കുടക്കീഴിൽ അണിനിരത്തുകയാണ് HAC'KP ഹാക്കത്തോണിലൂടെ ലക്ഷ്യമിടുന്നത്.

കുട്ടികൾക്ക് സുരക്ഷിതമായ ഡിജിറ്റൽ അന്തരീക്ഷം ഉറപ്പാക്കുന്നതിനായി പോലീസ് നേതൃത്വത്തിന്റെ അറിവും വിവിധ മേഖലകളിലെ പങ്കാളിത്തവും ശക്തിപ്പെടുത്തുന്നതിനാണ് 'പ്രോജക്ട് ലൈറ്റ്ഹൗസ് ഇന്ത്യ 2026' സംഘടിപ്പിച്ചിരിക്കുന്നത്. കുട്ടികൾക്കെതിരായ ലൈംഗിക ചൂഷണവും ദുരുപയോഗവും (CSEA) തടയുന്നതിനുള്ള കാര്യക്ഷമമായ നടപടികൾക്ക് ഈ പരിപാടിയിലൂടെ രൂപം നൽകും.

സൈബർ സുരക്ഷാ രംഗത്തെ നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുക, അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്തുക, കുട്ടികളെ ഓൺലൈൻ ചൂഷണങ്ങളിൽ നിന്നും ദുരുപയോഗത്തിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള കൂട്ടായ പ്രവർത്തനങ്ങൾ ശക്തമാക്കുക എന്നിവയാണ് ഈ സംയുക്ത സംരംഭങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ.

രാവിലെ നടന്ന ഉദ്ഘാടനചടങ്ങിൽ സംസ്ഥാന ഇന്റലിജൻസ് എ.ഡി.ജി.പി ദിനേന്ദ്ര കശ്യപ്, പോലീസ് ആസ്ഥാനത്തെ ഐ.ജി.പി ഹർഷിത അത്തലൂരി, സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ & സൈബർ ഓപ്പറേഷൻസ് ഐ.ജി.പി പി. പ്രകാശ്, ദക്ഷിണ മേഖല ഐ.ജി.പി ആർ.നിശാന്തിനി, സൈബർ ഓപ്പറേഷൻസ് എസ്.പി അങ്കിത് അശോകൻ, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ,

കിൻഡ്രഡ് ടെക് പ്രതിനിധി പീറ്റർ പില്ലി, ചൈൽഡ് ലൈറ്റ് സി-ടാപ്പ് (C-TAP) ഡയറക്ടർ കെൽവിൻ ലേ എന്നിവർ പങ്കെടുത്തു.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

********************************************


KERALA POLICE
HAC'KP
PAN-INDIA MULTI-CITY HACKATHON
PROJECT
LIGHT HOUSE
INDIA 2026
LEADERSHIP TRAINING PROGRAMME


KERALA POLICE
HAC'KP
PAN-INDIA MULTI-CITY HACKATHON
PROJECT
LIGHTHOUSE
INDIA 2026
LEADERSHIP TRAINING PROGRAMME
P PRAKASH IPS
IGP, SCRB & CYBER OPERATIONS
CODE | SOLVE | BUILD
IMPACT
SOUTH INDIAN Bank
CHILDLIGHT


HAC'KP


CODE | SOLVE | BUILD
IMPACT
KERALA POLICE
HAC'KP
PAN-INDIA MULTI-CITY HACKATHON
PROJECT
LIGHTHOUSE
INDIA 2026
LEADERSHIP TRAINING PROGRAMME
KELVIN LAY
DIRECTOR, TECHNICAL ADVISORY
(C-TAP), CHILDLIGHT